ചെന്നൈയിലെ ഭൂമിയിൽ കെ. ടി. ഡി. സി. നടപ്പാക്കുന്ന പ്രോജക്ടുകൾ

10 (*640) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ.എം. ചന്ദ്രൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ മറ്റു സംസ്ഥാനങ്ങളിലുള്ള ഭൂമി അന്യാധീനപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) അനാഥമായി കിടന്നിരുന്ന ചെന്നൈയിലെ ഭൂമിയിൽ കെ.ടി.ഡി.സി നടപ്പാക്കുന്ന പ്രോജക്ടിന്റെ വിശദാംശം നൽകുമോ ;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരള സർക്കാരിന് മുംബൈയിലുള്ള ഭൂമിയിൽ കേരള ഭവൻ നിർമ്മിച്ചിട്ടുണ്ട്. ചെന്നൈയിലുള്ള 55 സെന്റ് സ്ഥലം കെ.ടി.ഡി.സി. -ക്ക് ഒരു ഹോട്ടൽ സമുച്ചയം പണിയുന്നതിനായി 99 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) ചെന്നൈയിൽ ഗ്രീംസ് റോഡിൽ അപ്പോളോ ആശുപത്രിക്ക് സമീപം സ്ഥിതി ചെയ്യുന്ന 55 സെന്റ് സ്ഥലത്ത് 'കേരളാ ഹൗസ്' എന്ന പേരിൽ ഒരു ഹോട്ടൽ സമുച്ചയം തുടങ്ങാൻ സർക്കാർ കെ.ടി.ഡി.സി-ക്ക് അനുമതി നൽകുകയുണ്ടായി. ഏകദേശം 22 കോടിയിൽപ്പരം രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ഹോട്ടൽ സമുച്ചയത്തിന്റെ നിർമ്മാണം ഇപ്പോൾ ധൃതഗതിയിൽ നടക്കുകയാണ്. മൊത്തം 12 നിലകളിലായി 91 മുറികളും കോൺഫറൻസ് ഹാളുകൾ ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ സൗകര്യങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്, ഇതിൽ 10 മുറികൾ സംസ്ഥാന പൊതുഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ അതിഥി മന്ദിരം ആയി ഉപയോഗിക്കുന്നതാണ്.

(സി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നു വരുന്നു. ഇലക്ട്രിക്കൽ, പ്ലംബിംഗ്, എയർകണ്ടീഷനിംഗ്, ഇന്റീരിയർ തുടങ്ങിയ എല്ലാ പണികൾക്കും കരാറുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത പണികളും സമാന്തരമായി നടന്നുവരുന്നു.

(ഡി) 2010 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളാഹൗസിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly